# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.17822/23/എൻ.എസ്- 2

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
20/10/2023

## സർക്കുലർ

**വിഷയം:-** തിരുവിതാംകൂർ ദേവസ്വം ബോർഡ്-ക്ഷേത്ര ഉപദേശകസമിതികൾ അച്ചടിക്കുന്ന ലെറ്റർ പാഡ്, നോട്ടീസ്, രസീത് തുടങ്ങിയവയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എംബ്ലം ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്ന വിഷയം സംബന്ധിച്ച്.

**സൂചന:-**
1. 30/11/2011-ലെ ROC.1809/09/NS നമ്പർ ബോർഡ് വിജ്ഞാപനം.
2. 30/05/2023-ൽ ബഹു:ഹൈക്കോടതിയുടെ WP(C).14306/2023, WP(C).17040/2023 എന്നിവയിൽ പുറപ്പെടുവിച്ച ഉത്തരവ്.
3. 02/08/2023-ൽ ബഹു:ഹൈക്കോടതിയുടെ WP(C).25175/2023 ലെ വിധി.
4. 16/10/2023-ലെ ROC.8510/23/Suit/NS നമ്പർ ബോർഡ് കത്ത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ഉപദേശകസമിതികൾ രൂപീകരിക്കുന്നത് സൂചന (1) വിജ്ഞാപനത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ്. അപ്രകാരം രൂപീകരിക്കുന്ന ക്ഷേത്ര ഉപദേശകസമിതികൾ കത്തിടപാടുകൾക്കായി ഉപദേശകസമിതികളുടേതായി ലെറ്റർപാഡുകൾ തയ്യാറാക്കാറുണ്ട്. ഇത്തരം ലെറ്റർപാഡുകൾ തയ്യാറാക്കുമ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ന് വലുതായി ആദ്യം എഴുതുകയും അതിനോടൊപ്പം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എംബ്ലം ഉപയോഗിക്കുകയും ചെയ്തുവരുന്നുണ്ട്. ചില ഉപദേശകസമിതികളുടെ ലെറ്റർപാഡുകൾ കാണുമ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക രേഖയെന്ന് തോന്നിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലും, സൂചന (2). (3) ഉത്തരവുകളുടെ അടിസ്ഥാനത്തിലും ക്ഷേത്ര ഉപദേശകസമിതികൾ അച്ചടിക്കുന്ന ലെറ്റർപാഡ്, നോട്ടീസുകൾ, രസീതുകൾ, സ്മരണികകൾ തുടങ്ങിയവയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എംബ്ലം ഉപയോഗിക്കുകയോ, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ന് ആദ്യം എഴുതുകയോ ചെയ്യുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്തിക്കൊണ്ടും ചുവടെപ്പറയുന്നവ അടിയന്തിരത്തിൽ നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

1. ക്ഷേത്ര ഉപദേശകസമിതികൾ തയ്യാറാക്കുന്ന ലെറ്റർപാഡ്, നോട്ടീസുകൾ, രസീതുകൾ, സ്മരണികകൾ, ഡയറക്ടറികൾ തുടങ്ങിയവയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഔദ്യോഗികമായി തയ്യാറാക്കിയത് എന്ന പ്രതീതി സൃഷ്ടിക്കുന്നതിനാൽ ആയവ തയ്യാറാക്കുമ്പോൾ "തിരുവിതാംകൂർ ദേവസ്വം ബോർഡ്" എന്ന് അച്ചടിക്കുകയോ ആയതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എംബ്ലം അച്ചടിച്ച് ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ല.
2. ക്ഷേത്ര പ്രതിഷ്ഠയായ ദേവന്റേയോ, ദേവിയുടേയോ ചിത്രം ആവശ്യമെന്ന് കാണുന്നെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

(മറുപുറം..)

3. ക്ഷേത്ര ഉപദേശകസമിതികൾ ലെറ്റർ പാഡുകളും മറ്റും തയ്യാറാക്കുമ്പോൾ താഴെ പറയുന്ന മാതൃക പിൻതുടരേണ്ടതാണ്.

| |
|---|
| ദേവീ-ദേവൻമാരുടെ ചിത്രം<br>സ്തുതി<br>ദേവസ്വത്തിന്റെ പേര്<br>(തിരുവിതാംകൂർ ദേവസ്വം ബോർഡ് വക)<br>ഉപദേശകസമിതി<br>**(ROC.                    )**<br>വിലാസം |

4. ക്ഷേത്ര ഉപദേശകസമിതികൾ തയ്യാറാക്കുന്ന എല്ലാ അച്ചടി സാമഗ്രികളും അച്ചടിക്കുന്നതിന് മുൻപ് ആയവയുടെ കരട് ബന്ധപ്പെട്ട ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻ മുമ്പാകെ ബോധ്യപ്പെടുത്തി രേഖാമൂലം അംഗീകാരം വാങ്ങേണ്ടതാണ്.
5. ഏതെങ്കിലും കൂട്ടായ്മകളുടേയോ സമുദായ സംഘടനകളുടേയോ, രാഷ്ട്രീയ സംഘടനകളുടേയോ ഭാഗമായി ഉപയോഗിക്കുന്ന ചിഹ്നങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ല.
6. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ക്ഷേത്ര ഉപദേശകസമിതികൾക്കെതിരെ സൂചന (1)-ൽ പ്രതിപാദിച്ചിരിക്കുന്ന വിജ്ഞാപനത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.
7. ക്ഷേത്ര ഉപദേശകസമിതികളിൽ നിന്നും മേൽ സൂചിപ്പിച്ചവയിൽ വീഴ്ചകൾ ഉണ്ടാവുകയാണെങ്കിൽ വിശദമായ റിപ്പോർട്ടുകൾ ബോർഡിലേയ്ക്ക് അറിയിക്കുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3. ലാ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
5. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
6. ലെയ്സൺ ആഫീസർ, എറണാകുളം
7. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
8. സെക്ഷൻ ഫയൽ.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(പി&എസ്ജിആർസി)

**AR.20/10**